2021
11/2/21

**കേരള സർക്കാർ**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – തൃശ്ശൂർ ജില്ല – ഉജ്ജീവന വായ്പ പദ്ധതി - ജില്ലയിലെ കർഷകർ/സംരംഭകർ എടുത്ത വായ്പയിന്മേലുള്ള മാർജിൻ മണി ബന്ധപ്പെട്ട ബാങ്കുകൾക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**സ. ഉ. (സാധാ) നം.524/2021/റവ. തിരുവനന്തപുരം, തീയതി: 06.02.2021**

---

പരാമർശം: 1. സ.ഉ. (കൈ) നം. 27/2018/ഡി.എം.ഡി. തീയതി : 17.12.2018.
2. സ.ഉ. (കൈ) നം. 4/2019/ഡി.എം.ഡി. തീയതി : 22.02.2019
3. (എ) ഇന്ത്യൻ ബാങ്ക്, കുന്നംകുളം ശാഖ മാനേജറുടെ 10.04.2019 തീയതിയിലെ കത്ത്.
(ബി) സിറ്റി യൂണിയൻ ബാങ്ക്, ചാവക്കാട് ശാഖാ മാനേജരുടെ 29.04.2019, 29.03.2019,02.03.2019 എന്നീ തീയതികളിലെ കത്തുകൾ
(സി) പരളം സോഷ്യൽ വെൽഫയർ സഹകരണ സംഘം സെക്രട്ടറിയുടെ 17.06.2019 തീയതിയിലെ കത്ത്.
(ഡി) കേരള ഗ്രാമീൺ ബാങ്ക്, മാള ശാഖ മാനേജരുടെ 25.09.2020 തീയതിയിലെ കത്ത്.
(ഇ) ധനലക്ഷ്മി ബാങ്ക് ഹെഡ് ഓഫീസിൽ നിന്നും ലഭിച്ച 05.11.2019 തീയതിയിലെ No.CMO/46/2019-20 നമ്പർ കത്ത്.
(എഫ്) കാത്തലിക് സിറിയൻ ബാങ്ക് തൃശ്ശൂർ ഹെഡ് ഓഫീസിൽ നിന്നും ലഭിച്ച CD/ujiivana/Scheme/1055/2019 – 20, CD/ujiivana/Scheme/47/2020 – 21 എന്നീ നമ്പർ കത്തുകൾ.
(ജി) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഡെപ്യൂട്ടി ജനറൽ മാനേജരുടെ 01.10.2020 തീയതിയിലെ DGM/AO(TCR)SME/1353 നമ്പർ കത്ത്.
(എച്ച്) ആല സർവ്വീസ് സഹകരണ സംഘം സെക്രട്ടറിയുടെ 04.11.2020 തീയതിയിലെ കത്ത്.

**ഉത്തരവ്**

2018 ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച/ അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ'/പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക്, നിബന്ധനകൾക്ക് വിധേയമായി, മാർജിൻമണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിന് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതിയിൽ' വിഭാവനം ചെയ്തിട്ടുണ്ട്.

2. അപ്രകാരം 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരമുള്ള വായ്പാ സൗകര്യം പ്രയോജനപ്പെടുത്തിയ തൃശ്ശൂർ ജില്ലയിലെ 17 സംരംഭകർക്ക് വിവിധ ബാങ്കുകൾ അനുവദിച്ച 'ടേംലോൺ'/പ്രവർത്തന മൂലധനത്തിന്റെ മാർജിൻമണി/താങ്ങ്പലിശ, വായ്പ വിതരണം ചെയ്ത

ബാങ്കുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'ഉജ്ജീവന വായ്പാ പദ്ധതി' പ്രകാരം തൃശ്ശൂർ ജില്ലയിലെ താഴെപ്പറയുന്ന 17 കർഷകർക്ക്/സംരംഭകർക്ക് അനുവദിച്ച വായ്പയിന്മേലുള്ള മാർജിൻമണി **19,75,000/- രൂപ (പത്തൊൻപത് ലക്ഷത്തി എഴുപത്തഞ്ചായിരം രൂപ മാത്രം)** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ബന്ധപ്പെട്ട ബാങ്കിന് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | കർഷകന്റെ/സംരംഭകന്റെ സ്ഥാപനത്തിന്റെ പേര്/വിഭാഗം | ബന്ധപ്പെട്ടവകുപ്പിന്റെ ശുപാർശ സംബന്ധിച്ച വിവരങ്ങൾ | 'ടേംലോൺ'/പ്രവർത്തന മൂലധനം അനുവദിച്ച ബാങ്ക്/ബ്രാഞ്ച് | ടേംലോൺ'/ പ്രവർത്തന മൂലധനം ആയി അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന മാർജിൻ മണി/ താങ്ങു പലിശ (രൂപയിൽ) | മാർജിൻ മണി/ താങ്ങു പലിശ ക്രഡിറ്റ് ചെയ്യേണ്ട ബാങ്ക്/ബ്രാഞ്ച്/ IFSC code/അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | Rejikumar.P.K S/o. Kunjam, Padikkaparambil House, Field Nagar, Kunnamkulam | Assistant District Industries Officer, Taluk Industries Office, Thalappilly യുടെ 13.03.2020 ലെ കത്ത്. | Indian bank, Kunnamkulam branch | 2,00,000/- | 50,000/- | |
| 2 | Anup.G (M/s. Victory Enterprises) | Assistant District Industries Officer, Chavakkad ന്റെ 14.08.2020 ലെ No.B-120/2020 നമ്പർ കത്ത്. | City Union Bank, Chavakkad branch | 20,00,000/- | 2,00,000/- | |
| 3 | Geoge.M.T (M/s. Livas G10) | Assistant District Industries Officer, Chavakkad ന്റെ 19.08.2020 ലെ No.B120/2020 (1) നമ്പർ കത്ത്. | City Union Bank, Chavakkad branch | 20,00,000/- | 2,00,000/- | |
| 4 | Alimon.P.V (M/s. Alico Bakery and Super Market) | Assistant District Industries Officer, Chavakkad ന്റെ 10.08.2020 ലെ No.B117/2020 നമ്പർ കത്ത്. | City Union Bank, Chavakkad branch | 9,00,000 (Term loan) Working Capital 10,00,000/- | 2,00,000/- | |
| 5 | Sanju.K.G (M/s. Pranavam Engineering | Assistant District Industries Officer, Chavakkad ന്റെ | Paralam Social Welfare Co-operative | 10,00,000/- | 2,00,000/- | |

| | | | | | | |
|---|---|---|---|---|---|---|
| | Works) | 02.05.2019 ലെ No.B/29/2019 നമ്പർ കത്ത്. | Society LTD. No.R.1439 | | | |
| 6 | K.K.Abdul Salam (M/s. Safe Detergents, Kochukadavu) | Assistant District Industries Officer, Mukundapuram ന്റെ 08.03.2019 ലെ No.B/155/2019 നമ്പർ കത്ത്. | Kerala Gramin Bank, Mala Branch | 5,00,000/- | 1,25,000/- | |
| 7 | Rajeev.P | Assistant District Industries Officer, Kuttanad ന്റെ 30.02.2019 ലെ No.B/373/18 നമ്പർ കത്ത്. | Dhanalaxmi Bank, Punnakunnam Branch | 1,00,000/- | 25,000/- | |
| 8 | Santhosh Kumar.P | Assistant District Industries Officer, Kuttanad ന്റെ 11.06.2019 ലെ No.B/373/18 നമ്പർ കത്ത്. | Dhanalaxmi Bank, Punnakunnam Branch | 1,00,000/- | 25,000/- | |
| 9 | Padmakshi | Assistant District Industries Officer, Kuttanad ന്റെ 11.06.2019 ലെ No.B/373/18 നമ്പർ കത്ത്. | Dhanalaxmi Bank, Punnakunnam Branch | 1,00,000/- | 25,000/- | |
| 10 | Vandana.M | Assistant District Industries Officer, Kuttanad ന്റെ 11.06.2019 ലെ No.B/373/18 നമ്പർ കത്ത്. | Dhanalaxmi Bank, Punnakunnam Branch | 1,00,000/- | 25,000/- | |
| 11 | Saju.M.V (M/s. Mec Engineers) | Industries Extension Officer, Parakkadavu Block ന്റെ 07.08.2019 ലെ No.IEO-PRKV/UJJEEVA | Dhanalaxmi Bank, Punnakunnam Branch | 20,00,000/- | 2,00,000/- | |

| | | | | | | |
|---|---|---|---|---|---|---|
| | | NA/2019 നമ്പർ കത്ത്. | | | | |
| 12 | Sri. Saifudeen.U.S (Al-Ameen Engineering Workshop) | Assistant District Industries Officer, Mukundapuram ന്റെ 25.02.2019 ലെ കത്ത്. | CSB Bank, Ashtamichira | 10,00,000/- | 2,00,000/- | |
| 13 | Sri. P.J.Joy (Parekkadan Electricals Ceramic and Sanitaries) | Industries Extension Officer, Aluva ന്റെ 07.08.2019 ലെ No.IEO-PRKV/UJJEEVANA/2019 നമ്പർ കത്ത്. | CSB Bank, Puthenvelikara | 8,00,000/- | 2,00,000/- | |
| 14 | Smt. Jessy Xavier Ragam Beauty Centre | Assistant District Industries Officer, Mukundapuram ന്റെ 19.03.2019 ലെ കത്ത്. | CSB Bank, Puthenvelikara | 5,00,000/- | 1,25,000/- | |
| 15 | Sri. P.O.Thomas (M/s Pullikkal Stationery and Spices) | Assistant District Industries Officer, Mukundapuram ന്റെ 20.03.2019 ലെ No.B/568/19 നമ്പർ കത്ത്. | State Bank of India, Kuzhur | 3,00,000/- | 75,000/- | |
| 16 | Sujith S/o. Venu Gopalan, Mangalath, Kothaparambu | Assistant District Industries Officer, Kodungallur ന്റെ 28.06.2019 ലെ No.K1/16/2019 നമ്പർ കത്ത്. | Ala Service Co-operative Bank LTD | 2,00,000/- | 50,000/- | |
| 17 | Haneefa S/o. Abdu, Kannamkulath, Kothaparambu | Assistant District Industries Officer, Kodungallur ന്റെ 12.04.2019 ലെ No.K1/16/2019 നമ്പർ കത്ത്. | Ala Service Co-operative Bank LTD | 2,00,000/- | 50,000/- | |
| | ആകെ | | | | **19,75,000/-** | |

**(ആകെ പത്തൊൻപത് ലക്ഷത്തി എഴുപത്തായ്യിരം രൂപ മാത്രം)**

4. മേൽ പറഞ്ഞ പ്രകാരം മാർജിൻമണി ഇനത്തിൽ വിതരണത്തിനാവശ്യമായി വരുന്ന 19,75,000/- രൂപ (പത്തൊൻപത് ലക്ഷത്തി എഴുപത്തായ്യിരം രൂപ മാത്രം) 2075-00-800-40

Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ട് മുഖാന്തിരം തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകുന്നതാണ്.

5. ഓരോ വായ്പയിലും അനുവദിച്ചിട്ടുള്ള മാർജിൻമണി ഇനത്തിൽ ഖണ്ഡിക 3- ലെ പട്ടികയിലെ 6-ാം കോളത്തിൽ പറയുന്ന തുക, 7-ാം കോളത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ തൃശ്ശൂർ ജില്ലാ കളക്ടർ പരിശോധിച്ച് ശരിയെന്ന് ഉറപ്പുവരുത്തേണ്ടതും ശേഷം തുക ക്രെഡിറ്റ് ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളിൽ ജില്ലാ കളക്ടർ ബന്ധപ്പെട്ട ബാങ്ക് അധികാരികളിൽ നിന്നും അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതുമാണ്. ഗുണഭോക്താവിന് ഇതിനകം ഉജ്ജീവൻ വായ്പ പദ്ധതി പ്രകാരം മാർജിൻ മണി ലഭിച്ചിട്ടില്ല എന്ന് ബാങ്കുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതാണ്. ടി ഇനത്തിൽ ഗുണഭോക്താവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തിരിച്ചടക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, തൃശ്ശൂർ
ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
കൺവീനർ, സംസ്ഥാന തല ബാങ്കേഴ്സ് സമിതി, കാനറാ ബാങ്ക് ബിൽഡിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ബ്രാഞ്ച് മാനേജർ, ഇന്ത്യൻ ബാങ്ക്, കുന്നംകുളം ശാഖ, തൃശ്ശൂർ
ബ്രാഞ്ച് മാനേജർ, സിറ്റി യൂണിയൻ ബാങ്ക്, ചാവക്കാട് ശാഖ
പരളം സോഷ്യൽ വെൽഫയർ സഹകരണസംഘം ലിമിറ്റഡ് No. R.1439, കോടന്നൂർ പി.ഒ., തൃശ്ശൂർ
കേരള ഗ്രാമീൺ ബാങ്ക്, മാള ബ്രാഞ്ച്, തൃശ്ശൂർ
ധനലക്ഷ്മി ബാങ്ക്, പുന്നകുന്നം ശാഖ, തൃശ്ശൂർ
കാത്തലിക് സിറിയൻ ബാങ്ക്, അഷ്ടമിച്ചിറ ശാഖ, തൃശ്ശൂർ
കാത്തലിക് സിറിയൻ ബാങ്ക്, പുത്തൻവേലിക്കര ശാഖ, തൃശ്ശൂർ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കുഴൂർ ശാഖ, തൃശ്ശൂർ
ആല സർവ്വീസ് സഹകരണ സംഘം, ശാന്തിപുരം, കൊടുങ്ങല്ലൂർ, തൃശ്ശൂർ
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

T. [signature]

സെക്ഷൻ ഓഫീസർ

പകർപ്പ്: 1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. ബഹു.റവന്യൂ, ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
3. റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
4. റവന്യൂ (ഡി.ആർ.എഫ് -എ/സി) വകുപ്പ്
5. ദുരന്ത നിവാരണ (എ/ബി) വകുപ്പ്